# മന്ത്രിമാർ പോരിൽ, നീരയ്ക്ക് പാര

**എക്സൈസ്– കൃഷി മന്ത്രിമാർ തർക്കത്തിലായതോടെ നീര ലൈസൻസുകൾ സർക്കാർ മരവിപ്പിച്ചു**

**മഹേഷ് ഗുപ്തൻ**

തിരുവനന്തപുരം● കേരളത്തിലെ കേര കർഷകർ വൻ പ്രതീക്ഷ അർപ്പിച്ച നീര പദ്ധതിക്കു സർക്കാരിന്റെ പാര. വകുപ്പുകൾ തമ്മിലുള്ള തർക്കംമൂലം നീര ചെത്താൻ ലൈസൻസ് നൽകിയതു മരവിപ്പിച്ചു. കഴിഞ്ഞ മന്ത്രിസഭാ യോഗത്തിൽ നീര വിഷയവുമായി ബന്ധപ്പെട്ട് എക്സൈസ്-കൃഷി മന്ത്രിമാർ തമ്മിൽ വാക്കുതർക്കമുണ്ടായതിനെത്തുടർന്നു മുഖ്യമന്ത്രിയാണ് അപേക്ഷ നൽകിയവർക്കു ലൈസൻസ് നൽകിയ ഉത്തരവു മരവിപ്പിക്കാനും പുതുതായി ലൈസൻസ് നൽകുന്നതു നിർത്തിവയ്ക്കാനും നിർദേശിച്ചത്.

മന്ത്രിസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നികുതി വകുപ്പ് ഉത്തരവ് ഇന്നലെ പുറത്തിറക്കി. ഇതോടെ, കടക്കെണിയിലായ ലക്ഷക്കണക്കിനു കേരകർഷകർക്കു വരുമാനമാർഗമാകുമെന്നു കരുതിയ പദ്ധതിയുടെ ഭാവി തന്നെ അനിശ്ചിതത്വത്തിലായി. അതേസമയം, സർക്കാർ തീരുമാനം നീര പദ്ധതിയെ പ്രതികൂലമായി ബാധിക്കില്ലെന്നും ഫെഡറേഷനുകൾക്കു ലൈസൻസ് നൽകാനുള്ള ഉത്തരവ് സ്ഥിരീകരണത്തിനായി മന്ത്രിസഭയുടെ പരിഗണനയ്ക്കു വന്നപ്പോൾ മാറ്റിവയ്ക്കുകയാണുണ്ടായതെന്നും മന്ത്രി കെ. ബാബു പറഞ്ഞു. നീര ചെത്ത് ലൈസൻസിന് അപേക്ഷ നൽകിയ 157 നാളികേര ഉൽപാദക ഫെഡറേഷനുകൾക്കു ലൈസൻസ് നൽകാനുള്ള സർക്കാർ ഉത്തരവാണു മരവിപ്പിച്ചത്. നിലവിൽ നാളികേര വികസന ബോർഡിന്റെ നേതൃത്വത്തിൽ 327 നാളികേര ഉൽപാദക ഫെഡറേഷനുകളാണു കേരളത്തിൽ രൂപീകരിച്ചിട്ടുള്ളത്.

നീര ചെത്താൻ എക്സൈസ് വകുപ്പാണു ലൈസൻസ് നൽകേണ്ടത്. കൃഷിവകുപ്പിനു കീഴിൽ നേരത്തേ പ്രവർത്തിച്ചിരുന്ന നാളികേര വികസന കോർപറേഷനു ലൈസൻസ് നൽകണമെന്നു നീര പദ്ധതിയുടെ തുടക്കം മുതൽ മന്ത്രി കെ.പി. മോഹനൻ ആവശ്യപ്പെട്ടിരുന്നു. 10 ജില്ലകളിൽ പരീക്ഷണാർഥം നീര ഉൽപാദിപ്പിക്കാൻ 2013-14 ബജറ്റിൽ അനുവദിച്ച 15 കോടി രൂപ കോർപറേഷനു നൽകണമെന്ന മന്ത്രിയുടെ ആവശ്യവും അംഗീകരിക്കപ്പെട്ടില്ല. കോർപറേഷനു കീഴിൽ കർഷകസംഘങ്ങളില്ലാത്തതിനാൽ ലൈസൻസ് നൽകാനാകില്ലെന്ന നിലപാടാണ് എക്സൈസ് വകുപ്പും മന്ത്രി കെ. ബാബുവും എടുത്തത്. നീര പദ്ധതിക്കു സർക്കാർ അനുമതി നൽകുന്നതിന് ഏറെ സമയമെടുത്തതും ഈ ഭിന്നതമൂലമായിരുന്നു. ഒടുവിൽ, തുടക്കത്തിൽ 16 ഫെഡറേഷനുകൾക്ക് അനുമതി നൽകുകയും ഉൽപാദനം തുടങ്ങുകയും ചെയ്തു. അടുത്ത ഘട്ടത്തിൽ ബാക്കി 157 ഫെഡറേഷനുകൾക്ക് അനുമതി നൽകാൻ ഉത്തരവിറങ്ങി. ഈ ഉത്തരവാണ് ഇപ്പോൾ മരവിപ്പിച്ചത്.